പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4733** **05. 02. 2014** - ലെ മറുപടി

**പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പദ്ധതിയിൻ കീഴിൽ നടപ്പാക്കുന്ന പരിപാടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധസഹായം എവിടെ നിന്നെല്ലാം ലഭിക്കും ; എത്ര ശതമാനം സബ്സിഡി ലഭിക്കുമെന്നും വ്യക്തമാക്കാമോ ; | (എയും ബിയും)തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പൊതുമേഖലാ ബാങ്കുകൾ, കെ.എഫ്.സി, കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 10% മൂലധന സബ്സിഡി നൽകാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വായ്പ നൽകുന്ന ധന കാര്യ സ്ഥാപനം മുഖേന 'ബാക്ക് എന്റ് ' സബ്സിഡിയായിട്ടാണ് ആനുകൂല്യം സംരംഭകന് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭക മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കാർഷികം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായം, സേവനം, ഉദ്പാദനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത. |
| (സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സബ്സിഡി നൽകാൻ 2013 - 2014 വർഷം നീക്കി വച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; നടപ്പു വർഷം 31.12.2013 വരെ എത്ര പേർക്ക് പ്രസ്തുത പദ്ധതി മുഖേന പുതിയ സംരംഭം ആരംഭിക്കാൻ സഹായം നൽകിയെന്ന് വ്യക്തമാക്കാമോ ? | പ്രസ്തുത പദ്ധതിയിലേക്ക് 2013 ജൂൺ 1 മുതൽ 2013 ജൂലൈ 15 വരെ അപേക്ഷ സ്വീകരിച്ചിരുന്നു. 18500 ഓളം പേർ ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ തുടർനടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതി പ്രകാരം പ്രവാസികൾ ആരംഭിക്കുന്ന 20 ലക്ഷം രൂപവരെയുള്ള സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി മൊത്തം പദ്ധതി ചിലവിന്റെ 10% ബാക്ക് എൻഡ് സബ്സിഡിയായി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നതാണ് പദ്ധതി. |

സെക്ഷൻ ഓഫീസർ